മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സവർണ്ണരെ മാത്രമെ വെയ്ക്കാൻ പാടുള്ളുവെന്നു് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആ വ്യവസ്ഥ ഇനിയും തുടർന്നുകൊണ്ടു പോകണമോ?

(ഉത്തരമില്ല.)

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അങ്ങിനെ പാടില്ലെന്ന കാര്യത്തിനു് ഗവർമ്മെണ്ടിന്റെ വല്ല നടപടിയുമുണ്ടോ?

Mr. President: Order, Order, that is a wider question. We are on the management of the Panangad School.

മിസ്റ്റർ പി. കെ. ഡീവർ: സവർണ്ണരല്ലാത്ത ആളുകളെ വെക്കാത്തതിന്റെ കാരണമെന്താണെന്നു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അന്വേഷിച്ചിട്ടില്ല. ഫയൽ ഇപ്പോഴും ക്ലോസു് ചെയ്തിട്ടില്ല.

മിസ്റ്റർ സി. സി. പ്രസാദ്: അന്വേഷിക്കാതെ പിന്നെ എങ്ങിനെയാണു് ഈ ചോദ്യത്തിനുത്തരം പറഞ്ഞതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആവലാതി എന്താണെന്നുനോക്കി അതിനെക്കുറിച്ചു് അന്വേഷിച്ചു. അപ്പോൾ കിട്ടിയ മറുപടിയാണു പറഞ്ഞതു്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: മാനേജുമെണ്ടിനെ സംബന്ധിച്ചു നാട്ടുകാരുടെ വല്ല ആക്ഷേപവും വന്നിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പ്രജാമണ്ഡലത്തിൽനിന്നു് ആക്ഷേപമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: എന്താണാക്ഷേപം?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആക്ഷേപം, സവർണ്ണഹിന്ദുക്കൾ മാത്രമാണു് ആ സ്കൂളിൽ ഉള്ളതു്. അതാണു് ആവലാതി.

മിസ്റ്റർ സി. സി. പ്രസാദ്: വിദ്യാർത്ഥികളും സവർണ്ണർ മാത്രമാണോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അല്ല.

AMALGAMATION OF CRANGANUR AND STATE BUDGETS

110. (105) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ എഴുതുന്ന ചോദ്യത്തിനു് ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

സ്റ്റേറ്റ് ബഡ്ജറ്റും കൊടുങ്ങല്ലൂർ ബഡ്ജറ്റും ഏകീകരിക്കുവാൻ വേണ്ട നടപടികളും ഗവർമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ സംഗതിയെപ്പറ്റി ഗവർമ്മെണ്ടു് ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: അടുത്ത ബഡ്ജറിലെങ്കിലും ഇതിനെക്കുറിച്ചാലോചിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അടുത്ത ബഡ്ജറിനുമുമ്പു് ശരിയാക്കും.

CAMP CLERK Mr. SUBRAMANIA AYYAR'S MORTGAGE DEED TO G. P. PARVATHIAM—INFORMATION REGARDING

111. (308) മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

തലപ്പിള്ളി തഹശിൽദാരുടെ ക്യാമ്പുക്ലാർക്കു് സുബ്രഹ്മണ്യയ്യൻ ഒരു നെല്ലെടുപ്പു പാവ്തുക്കാരനു പണയാധാരം എഴുതി സംഖ്യ കടം വാങ്ങിയതു ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: സുബ്രഹ്മണ്യയ്യൻ എന്ന പേരായി നെല്ലെടുപ്പു തഹസിൽദാർക്കു് ഒരു ക്യാമ്പുക്ലാർക്കുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: സുബ്രഹ്മണ്യയ്യൻ എന്ന പേരായി ഒരു ക്യാമ്പുക്ലാർക്കുണ്ടോ എന്നറിഞ്ഞുകൂടാ. സുബ്രഹ്മണ്യയ്യൻ ഇപ്പോൾ സർവ്വീസിലില്ല. സുബ്രഹ്മണ്യയ്യൻ പണം വിതരണം ചെയ്യുന്ന കാര്യത്തിൽ തഹസിൽദാരെ സഹായിച്ചിരുന്നു. അതു ക്യാമ്പ്ക്ലാർക്കായിട്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ഐ. വേലായുധൻ: സുബ്രഹ്മണ്യയ്യൻ താസിൽദാരുമായി യോജിച്ച് പണയാധാരം എഴുതി കൊടുത്തു പണം മേടിച്ചു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസ് വേണം.

SHIFTING OF RADIO IN CHERANELLUR PANCHAYAT TO A MORE CROWDED LOCALITY

112. (248) മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ചേരാനെല്ലൂർ പഞ്ചായത്തിൽ ഒരു റേഡിയൊ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നുണ്ടോ;

(സി) ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും റേഡിയൊ കൂടുതൽ സൌകര്യവും ജനനിബിഡവുമായ സ്ഥലത്തേക്ക് മാറ്റിക്കിട്ടണമെന്ന ജനങ്ങൾ ആവശ്യപ്പെട്ടുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ഇപ്പോൾ പ്രവൃത്തിക്കുന്നില്ല.

(സി) കൂടുതൽ ജനനിബിഡമായ സ്ഥലത്തേക്ക് മാറ്റി കിട്ടണമെന്ന ആവശ്യപ്പെട്ടുകൊണ്ട് ഒരു പത്രാപ്പേർട്ട കിട്ടിയിട്ടുണ്ട്.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ഈ റേഡിയോ സ്ഥാപിച്ചിട്ട് എത്ര കാലമായി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എത്ര കാലമായി എന്നറിഞ്ഞുകൂടാ.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: അതു നടക്കാതെയായിട്ട് എത്ര കാലമായി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അധികകാലമായിട്ടില്ല.

മിസ്റ്റർ കെ. കരുണാകരൻ: പഞ്ചായത്തിൽനിന്നു സ്ഥാപിച്ചിട്ടുള്ള റോഡിയോ കഠം പ്രവർത്തിക്കുന്നതു ഏതെങ്കിലുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശബ്ദിക്കുന്നതുണ്ട്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: ഇതു പ്രവർത്തിക്കാത്തതിന്റെ കാരണമെന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബാറ്ററിയുടെ കുറവുകൊണ്ടാണ്.

മിസ്റ്റർ കെ. ഡബ്ലിയു. മുഹിദ്ധരമാരാർ: കുറവുള്ള ദിക്കുകളിൽ പഞ്ചായത്തു റേഡിയോകഠം പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആക്ഷേപം കിട്ടിയിട്ടില്ല.

മിസ്റ്റർ മുഹമ്മദു അയൂബ് സേട്ട്: ബാറ്ററികഠം വാങ്ങാൻ കിട്ടുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വാങ്ങാൻ കിട്ടും. വാങ്ങിക്കുന്നുണ്ട്. പിന്നെയും കേട് വരികയാണ്. കോടുവരുമ്പോഴാണ് ചോദ്യമുണ്ടാകുന്നതു. നന്നായിരിക്കുമ്പോൾ ചോദ്യമില്ല.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: കേടുവന്നിട്ട് എത്ര കാലമായെന്നു അറിഞ്ഞുകൂടേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബാറ്ററി കേട വന്നതാണ്. അതു കഴിഞ്ഞാൽ പിന്നെയും ചാർജ്ജു ചെയ്യണം. അല്ലെങ്കിൽ ശരിയായി പ്രവർത്തിക്കയില്ല. കേടുവന്നിട്ട് അധികം കാലമായിരിക്കയില്ല.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: അതു് ഇനി നന്നാക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചേരാനെല്ലൂരിലെ റേഡിയോ നന്നാക്കാൻ ശ്രമിക്കുന്നുണ്ട്. അടുത്തുതന്നെ നേരെയാകും.

മിസ്റ്റർ ടി. പി. സീതാരാമൻ: രണ്ടര മാസത്തിനു മുമ്പാണോ കേടുവന്നതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിവരമില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ റേഡിയോ ജനനിബിഡമായ സ്ഥലത്തേക്ക് മാറ്റിക്കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു പത്രാപ്പോട്ട് കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. അതിന്മേൽ നടപടിയെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly